ഹരിതകേരളം മിഷൻ
കേരളസർക്കാർ

06.12.2019

പത്രക്കുറിപ്പ്

# മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു

## പടിയൂർ ഗ്രാമപഞ്ചായത്തിനും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിനും പൊന്നാനി മുനിസിപ്പാലിറ്റിക്കും തിരുവനന്തപുരം കോർപ്പറേഷനും ഒന്നാം സ്ഥാനം

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തും തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിക്കും തിരുവനന്തപുരം കോർപ്പറേഷനും ഒന്നാം സ്ഥാനം നേടി.

കൊല്ലം ജില്ലയിലെ പെരിനാട്, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം സംസ്ഥാന തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള രണ്ടാമത്തെയും മൂന്നാമത്തെയും സ്ഥാനം കരസ്ഥമാക്കി. ബ്ലോക്കു പഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മുനിസിപ്പാലിറ്റികളിൽ കോഴിക്കോട് ജില്ലയിലെ വടകരയാണ് രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം കണ്ണൂർ ജില്ലയിലെ ആന്തൂർ, തൃശൂർ ജില്ലയിലെ കുന്ദംകുളം എന്നിവർ പങ്കിട്ടു.

ജില്ലാതലത്തിൽ ഹരിത അവാർഡുകൾ നേടിയ ഗ്രാമപഞ്ചായത്തുകൾ ഇനി പറയുന്നു. തിരുവനന്തപുരം – ചെങ്കൽ, കൊല്ലം – കുലശേഖരപുരം, പത്തനംതിട്ട – ഇരവിപേരൂർ, ആലപ്പുഴ – ആര്യാട്, കോട്ടയം – കൂരോപ്പട, ഇടുക്കി – കുമളി, എറണാകുളം – രായമംഗലം, തൃശൂർ – പഴയന്നൂർ, പാലക്കാട് – അകത്തേത്തറ, മലപ്പുറം – മാറഞ്ചേരി, കോഴിക്കോട് – ചേമഞ്ചേരി, വയനാട് – മീനങ്ങാടി, കണ്ണൂർ – ചെറുതാഴം, കാസർഗോഡ് – ബേഡഡുക്ക.

തിരുവനന്തപുരത്ത് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന പത്രസമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി.മൊയ്തീനാണ് അവാർഡ് പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന പ്രവർത്തനങ്ങളിലെല്ലാം ശ്രദ്ധേയമായ ജനപങ്കാളിത്തമാണ് ഉണ്ടായതെന്ന് പുരസ്കാരം പ്രഖ്യാപിച്ച മന്ത്രി അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പ്രാഥമിക റൗണ്ടിനുശേഷം 69 ഗ്രാമപഞ്ചായത്തുകളും 17 ബ്ലോക്ക് പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളുമാണ് അവസാന റൗണ്ടിൽമികവ് തെളിയിക്കാൻ എത്തിയത്. സ്വന്തം പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിലും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന തിലും കാർഷികമേഖല സമ്പുഷ്ടമാക്കുന്നതിലും മികച്ച പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ കാഴ്ചവച്ചതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പറഞ്ഞു.

പ്രൊഫ.പി.കെ. രവീന്ദ്രൻ, പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ, ഡോ. സി. ഭാസ്കരൻ, വി.എൻ. ജിതേന്ദ്രൻ (റിട്ട.ഐ.എ.എസ്.), ശ്രീലേഖ കെ. (ഇറിഗേഷൻ ഡെപ്യൂട്ടിചീഫ് എഞ്ചിനീയർ, റിട്ടയേർഡ്) എന്നിവർ ചേർന്ന സമിതിയാണ് അവാർഡ് നിർണ്ണയം നടത്തിയത്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും പത്തുലക്ഷം രൂപയും നൽകും. രണ്ടാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും ഏഴുലക്ഷം രൂപയും നൽകും. മൂന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും അഞ്ചുലക്ഷം രൂപയും നൽകും. ജില്ലാ തലത്തിൽ സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും മൂന്നുലക്ഷം രൂപയും നൽകും. ഹരിതകേരളം മിഷൻ അടുത്ത മാസം സംഘടിപ്പിക്കുന്ന ശുചിത്വമികവ് സംഗമത്തിൽ അവാർഡ് വിതരണം ചെയ്യും.